"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഉറവിട ജൈവമാലിന്യ സംസ്കരണം - കമ്പോസ്റ്റിംഗ് ഉപാധികൾ വാങ്ങി നൽകൽ - മാർഗ്ഗ നിർദ്ദേശം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.34/2024/LSGD   തീയതി,തിരുവനന്തപുരം, 04-01-2024

പരാമർശം:-   08/11/2023 ലെ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 5329/E3/2023/SM നമ്പർ കത്ത്

**ഉത്തരവ്**

വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഉറവിടത്തിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിനുള്ള വിവിധ തരം ഉപകരണങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16/09/2022 ലെ 2869/C2/2016/SM നമ്പർ നടപടിക്രമം പാലിച്ചു കൊണ്ട് ഗുണഭോക്താക്കൾക്ക് ശുചിത്വമിഷൻ വാങ്ങി നൽകുന്നു. ഇപ്രകാരം ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള പുതുക്കിയ മാർഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ലഭ്യമാക്കിയിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉറവിട ജൈവമാലിന്യ സംസ്കരണ കമ്പോസ്റ്റിംഗ് ഉപാധികൾ വാങ്ങി നൽകുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്ന പ്രകാരം അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
ഡയറക്ടർ ജനറൽ , കില
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 04-01-2024 16:48:13
സെക്ഷൻ ഓഫീസർ

## ജൈവമാലിന്യ സംസ്കരണം - ഉറവിട ജൈവമാലിന്യ സംസ്കരണം - കമ്പോസ്റ്റിംഗ് ഉപാധികൾ വാങ്ങി നൽകൽ - മാർഗ്ഗ നിർദ്ദേശം

1. ജൈവ മാലിന്യ സംസ്കരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉപകരണങ്ങൾ വാങ്ങി നൽകുമ്പോൾ ഉപകരണങ്ങളുടെ ഗുണമേൻമ ഉറപ്പുവരുത്തേണ്ടതാണ്. ജൈവമാലിന്യം സംസ്കരിച്ച് ജൈവ വളമായി മാറ്റുന്ന പ്രക്രിയ ഫലപ്രദമായി നടത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ഗുണഭോക്താക്കളുടെ മുന്നിൽ ടെൻഡർ ലഭിച്ച ഏജൻസി ഒരു ലൈവ് ഡെമോ നടത്തേണ്ടതാണ്.

2. തദ്ദേശ സ്വയം ഭരണ സ്ഥാപനം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 6/09/2022 തീയതിയിലെ 2869/C2/2016/SM നമ്പർ നടപടിക്രമത്തിൽ നിർദ്ദേശിച്ചിട്ടുള്ളതോ, സമയാസമയം പരിഷ്കരിച്ച് പുറപ്പെടുവിക്കുന്നതോ ആയ ഉത്തരവുകൾ പ്രകാരം ശുചിത്വമിഷൻ അംഗീകരിച്ചിട്ടുള്ള സേവനദാതാക്കളിൽ നിന്നും ലിമിറ്റഡ് ടെൻഡർ മുഖേനയോ സ്റ്റോർ പർച്ചെയ്സ് മാന്വൽ പ്രകാരമോ, ജെം പോർട്ടൽ വഴിയോ ജൈവ മാലിന്യ സംസ്കരണ ഉപാധി വിതരണ ഏജൻസിയെ കണ്ടെത്തേണ്ടതാണ്.ഉപാധികൾ വാങ്ങുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് താഴെ പറയുന്ന രണ്ടുരീതികളിൽഒന്ന് സ്വീകരിക്കാവുന്നതാണ്.

### 2.1)ഉപാധികൾ വിതരണം ചെയ്തശേഷം തുടർ ചെലവുകൾ LSGI വഹിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

- ഈ രീതി അനുവർത്തിക്കുകയാണെങ്കിൽ, ജൈവ മാലിന്യ സംസ്കരണ ഉപാധികൾ വീടുകളിൽ സ്ഥാപിക്കുന്നതിലേക്ക് ടെണ്ടർ ക്ഷണിക്കുമ്പോൾ, അംഗീകൃത ഏജൻസികളിൽ നിന്നും ജൈവ മാലിന്യ സംസ്കരണ കമ്പോസ്റ്റിംഗ് ഉപാധികൾ നിശ്ചിത എണ്ണം 3 വർഷം വാറണ്ടി ഉൾപ്പെടെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുക,ഒരു മാസത്തെ ആവശ്യത്തിനുള്ള അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമുള്ള അളവ് ഇനോകുലം,യൂസർ മാനുവൽ എന്നിവയ്ക്കാവശ്യമായ തുക മാത്രം ഉൾപ്പെടുത്തി ബിഡുകൾ ക്ഷണിക്കാവുന്നതും, ക്വാട്ട് ചെയ്യപ്പെടുന്നതിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക്, (എന്നാൽ ടി തുക ശുചിത്വ മിഷൻ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റിന്റെ 70% ൽ അധികരിക്കാൻ പാടില്ല) ഗുണനിലവാരം ഉറപ്പുവരുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് ജൈവ മാലിന്യ സംസ്കരണ ഉപാധി വാങ്ങി സ്ഥാപിക്കാവുന്നതുമാണ്.

- പ്രവർത്തി നിർവ്വഹണ ഏജൻസി ഗുണഭോക്താക്കളുടെ വീടുകളിൽ മാലിന്യ സംസ്കരണ ഉപാധി കൃത്യമായി സ്ഥാപിച്ച് കഴിഞ്ഞാൽ,ഗുണഭോക്താക്കളെ പ്രവർത്തന രീതി പരിശീലിപ്പിക്കുന്നതിലേക്കും, മാലിന്യ സംസ്കരണ ഉപാധികൾ ജിയോ ടാഗ് ചെയ്യുന്നതിലേക്കും, ഗുണഭോക്താക്കൾക്ക് ആവശ്യാനുസരണം ഇനോകുലം എത്തിക്കുന്നതിലേക്കും തുടർ നിരീക്ഷണം നടത്തുന്നതിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ ഹരിത കർമ്മ സേനയെയോ,ഹരിത സഹായ

സ്ഥാപനത്തെയോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടുകൂടി ഏല്പിക്കേണ്ടതും ഇതിനായി പ്രത്യേക കരാർ വയ്ക്കേണ്ടതുമാണ്. ഉപാധികളുടെ പ്രവർത്തനക്ഷമത / ഉപയോഗക്ഷമത ഉറപ്പാക്കാൻ സാമൂഹ്യ പരിശോധന നടത്താവുന്നതാണ് .ഇതിലേയ്ക്ക് കുടുംബശ്രീ സംഘടനാ സംവിധാനം / സർവീസ് പ്രൊവൈഡർ/ നിലവിലുള്ള സോഷ്യൽ ഓഡിറ്റ് ടീമിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16/09/2022 തീയതിയിലെ 2869/C2/2016/SM നമ്പർ നടപടിക്രമം പ്രകാരം അംഗീകരിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റിൽ നിന്നും, ജൈവ മാലിന്യ സംസ്കരണ ഉപാധി, ഇനോക്കുലം, യൂസർമാനുവൽ എന്നിവക്കായി പ്രവർത്തി നിർവ്വഹണ ഏജൻസി ക്വാട്ട് ചെയ്ത തുക കുറവ് ചെയ്ത് ബാക്കി തുക (പരമാവധി യൂണിറ്റ് കോസ്റ്റിന്റെ 30% തുക) രണ്ടു ഗഡുക്കളായി അനുബന്ധ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കുന്ന (ഹരിതകർമസേന/കുടുംബശ്രീ CDS/ ഹരിത സഹായ സ്ഥാപനം) എന്നിവർക്ക് നൽകേണ്ടതാണ്.

- പ്രവർത്തി നിർവ്വഹണതുക വിതരണം ചെയ്യുന്നതിന് താഴെ പറയുന്ന രീതി സ്വീകരിക്കേണ്ടതാണ്.

**പ്രവർത്തി നിർവ്വഹണ ഏജൻസിക്കുള്ള തുക**

ഗുണ നിലവാരമുള്ള ജൈവ മാലിന്യ സംസ്കരണ ഉപാധികൾ ഗുണഭോക്താക്കളുടെ വീടുകളിൽ വിതരണം ചെയ്തതായി നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) സാക്ഷ്യപ്പെടുത്തിയ ശേഷം ഏജൻസി ക്വാട്ട് ചെയ്ത മുഴുവൻ തുകയും നൽകാവുന്നതാണ്.

**ഒന്നാം ഗഡുവിന്റെ വിതരണം**

ചുവടെ പറയുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഒന്നാം ഗഡു വിതരണം ചെയ്യാവുന്നതാണ്.

a. ജിയോ ടാഗ് ചെയ്ത ഡാറ്റ ചാർജ് ഓഫീസർമാർക്ക് കൈമാറുക.

b. ജൈവ മാലിന്യ സംസ്കരണ ഉപാധിയുടെ പ്രവർത്തനം യൂസർ മാനുവലിന്റെ സഹായത്തോടെ കുടുംബാംഗങ്ങളെ പരിശീലിപ്പിക്കുക.

c. സ്ഥാപിച്ച മാലിന്യ സംസ്കരണ ഉപാധിയിൽ മാലിന്യം നിക്ഷേപിക്കുകയും ഇനോക്കുലം ചേർത്ത് പ്രവർത്തന ക്ഷമമാക്കുകയും ചെയ്യുക .

d. ജൈവ മാലിന്യ സംസ്കരണ ഉപാധിയുടെ പ്രവർത്തനം ആദ്യമാസം ആഴ്ചയിൽ ഒരിക്കലും, രണ്ടാംമാസം 2 ആഴ്ചയിൽ ഒരിക്കലും എന്ന നിരക്കിൽ മാലിന്യ സംസ്കരണത്തിന്റെ പുരോഗതി വിലയിരുത്തി തദേശ സ്വയംഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകുക.

e. ഇനോക്കുലത്തിന്റെ ലഭ്യത പരിശോധിക്കുകയും തീരുന്നതിനുമുമ്പായി ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം എത്തിക്കുകയും ചെയ്യുക.

f. ജൈവ മാലിന്യ സംസ്കരണ ഉപാധിയിൽ ഉല്പാദിപ്പിക്കുന്ന വളത്തിന്റെ അളവ് എടുക്കുകയും ബയോ കംപോസ്റ്റർ നിരീക്ഷണ രേഖയിൽ രേഖപ്പെടുത്തുകയും ചെയ്യുക.

g. ഉത്പാദിപ്പിച്ച വളം കുടുംബത്തിന് ആവശ്യമില്ലെങ്കിൽ ചാർജ് ഓഫീസറുടെ നിർദ്ദേശ പ്രകാരം തുടർ നടപടി എടുക്കുക.

**രണ്ടാം ഗഡുവിന്റെ വിതരണം**

a. (a) മുതൽ (d) വരെയുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കി,ജൈവ മാലിന്യ സംസ്കരണ ഉപാധിയുടെ പ്രവർത്തനം മൂന്നാം മാസം മുതൽ മാസത്തിലൊരിക്കൽ എന്ന നിരക്കിൽ മാലിന്യ സംസ്കരണത്തിന്റെ പുരോഗതി വിലയിരുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകുക.

b. ജൈവ മാലിന്യ സംസ്കരണ ഉപാധി സ്ഥാപിച്ച് ആറുമാസക്കാലം പൂർത്തിയാക്കിയ ശേഷം രണ്ടാം ഗഡു വിതരണം ചെയ്യേണ്ടതുമാണ്.

**2.2) ഉപാധികൾ വിതരണം ചെയ്ത ഏജൻസികൾ തന്നെ തുടർ ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

- ഈ രീതി അനുവർത്തിക്കുകയാണെങ്കിൽ,ജൈവ മാലിന്യ സംസ്കരണ ഉപാധികൾ വീടുകളിൽ സ്ഥാപിക്കുന്നതിലേക്ക് ടെണ്ടർ ക്ഷണിക്കുമ്പോൾ,അംഗീകൃത ഏജൻസികളിൽ നിന്നും ജൈവ മാലിന്യ സംസ്കരണ കമ്പോസ്റ്റിംഗ് ഉപാധികൾ നിശ്ചിത എണ്ണം 3 വർഷം വാറണ്ടി ഉൾപ്പെടെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുക, ഒരു മാസത്തെ ആവശ്യത്തിനുള്ള അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമുള്ള അളവ് ഇനോകുലം, യൂസർ മാനുവൽ, മാലിന്യ സംസ്കരണത്തിന്റെ പുരോഗതി വിലയിരുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകൽ എന്നിവയ്ക്കാവശ്യമായ തുക ഉൾപ്പെടുത്തി ബിഡുകൾ ക്ഷണിക്കാവുന്നതും, ക്വാട്ട് ചെയ്യപ്പെടുന്നതിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക്, (എന്നാൽ ടി തുക ശുചിത്വ മിഷൻ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റിൽ അധികരിക്കാൻ പാടില്ല) ഗുണനിലവാരം

ഉറപ്പുവരുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് ജൈവ മാലിന്യ സംസ്കരണ ഉപാധി വാങ്ങി സ്ഥാപിക്കാവുന്നതുമാണ്.

- ജൈവ മാലിന്യ സംസ്കരണ ഉപാധികൾ, ഇനോകുലം, യൂസർ മാനുവൽ എന്നിവ വിതരണം ചെയ്യുന്ന ഏജൻസി അവരുടെ ഉത്തരവാദിത്തത്തിൽ ഗുണഭോക്തൃ വീടുകളിൽ എത്തിച്ച് ഉപാധികൾ സ്ഥാപിച്ച് ജൈവ മാലിന്യം നിക്ഷേപിച്ച് ഇനോകുലം ചേർത്ത് പ്രവർത്തന ക്ഷമമാക്കുകയും, പ്രവർത്തനരീതി സംബന്ധിച്ച് കുടുംബങ്ങൾക്ക് പരിശീലനം നൽകുകയും വേണം.ഉപാധികൾ സ്ഥാപിച്ചിട്ടുള്ള വീട് ജിയോ ടാഗ് ചെയ്യേണ്ടതും, ഡാറ്റ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനു കൈമാറേണ്ടതുമാണ്.

- ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ച ശേഷം ആദ്യത്തെ ഒരു മാസം ആഴ്ചയിൽഒരിക്കലും രണ്ടാമത്തെ മാസം 2 ആഴ്ചയിലൊരിക്കലും 3-മത്തെ മാസം മുതൽ മാസത്തിലൊരിക്കലും മാലിന്യ സംസ്കരണ ഉപാധികളുടെ പ്രവർത്തനം നിരീക്ഷിക്കുകയും, വിലയിരുത്തൽ റിപ്പോർട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തി നിർവ്വഹണ ഏജൻസി നൽകുകയും വേണം.

- ഉപാധികളുടെ പ്രവർത്തനത്തിൽ ഏതെങ്കിലും തരത്തിലുള്ള അപാകത കാണുന്നപക്ഷം തദ്ദേശ ഭരണ സ്ഥാപനം ഏജൻസിയെ രേഖാമൂലം അറിയിക്കുകയും ഏജൻസി അപാകത പരിഹരിക്കേണ്ടതുമാണ്.

- ആവശ്യമെങ്കിൽ കുടുബശ്രീ CDS, ഹരിത സഹായ സ്ഥാപനം, സന്നദ്ധ സംഘടനകൾ എന്നിവയിൽ ആരെയെങ്കിലും തുടർ പ്രവർത്തി നിരീക്ഷണചുമതല ഏർപ്പെടുത്താവുന്നതാണ്. എന്നാൽ ആയത് സംബന്ധിച്ച് തദേശ സ്വയംഭരണസ്ഥാപനം,വിതരണ ഏജൻസി,അനുബന്ധ പ്രവർത്തനം നടത്തുന്ന സംഘടന എന്നിവർ ചേർന്ന് ത്രികക്ഷി കരാർ വയ്ക്കേണ്ടതാണ്.

- ഈ പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന തുക ഉൾപ്പെടെയുള്ള തുകയായിരിക്കണം ഏജൻസി ക്വാട്ട് ചെയ്യേണ്ടത്. എന്നാൽ ടി തുക ശുചിത്വ മിഷൻ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റിൽ അധികരിക്കാൻ പാടില്ല.

**3)മാലിന്യ സംസ്കരണഉപാധികൾ വിതരണം ചെയ്യുമ്പോൾ പൊതുവായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കണം**

3.1 ) സ്ഥാപിക്കുന്ന വീടുകൾ ജിയോടാഗ് ചെയ്യണം. ഗൃഹനാഥയുടെ പേര്, വീട്ടുനമ്പർ, കോൺടാക്ട് നമ്പർ എന്നിവ രേഖപ്പെടുത്തണം.

3.2) ഉപാധിയുടെ പ്രവർത്തനം വിശദീകരിച്ചു നൽകണം. ഒരു സ്ഥലത്ത് (വാർഡിൽ) ഉപാധി നൽകുമ്പോൾ 10-20 വീടുകളിലെ അംഗങ്ങൾക്ക് പൊതുവായി പ്രദർശനത്തോട് കൂടിയ പരിശീലനം ഏർപ്പെടുത്തണം

3.3) ഉപാധികൾ ലഭ്യമായ വീട്ടുടമസ്ഥരുടെ വാട്സ് ആപ്പ് ഗ്രൂപ്പ് വാർഡ് തലത്തിൽ

രൂപീകരിക്കുകയും ദൈനംദിനമെന്നോണം ഉണ്ടാകുന്ന പ്രശ്നങ്ങൾ ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നതിന് സാധിക്കണം. ഗ്രൂപ്പിന്റെ അഡ്മിൻ വാർഡ് മെമ്പർ /കൗൺസിലർ, എ.ഡി.എസ് ഭാരവാഹിയോ ഹരിതകർമ്മസേന ഭാരവാഹിയോ ആയിരിക്കണം .വിതരണ ഏജൻസിയുടെ പ്രതിനിധി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാർഡിന്റെ ചുമതലയുള്ള ചാർജ് ഓഫീസർ എന്നിവർ ഗ്രൂപ്പ് അംഗങ്ങളായിരിക്കണം.

3.4) ഇനോക്കുലത്തിന്റെ പ്രയോഗം വീട്ടുടമസ്ഥരെ കൃത്യമായി അറിയിക്കേണ്ടതും എത്ര ദിവസത്തേക്കുള്ള ഇനോക്കുലമാണ് നല്കിയിട്ടുള്ളതെന്ന് ഏജൻസി വ്യക്തമാക്കേണ്ടതും തീരുന്നതിനുമുൻപ് ഇനോകുലം എത്തിച്ചുനൽകേണ്ടതുമാണ്.

3.5) ഇനോക്കുലത്തിന്റെ ലഭ്യത ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യേണ്ടതും വാർഡിൽ ആകെ വേണ്ട ഇനോക്കുലത്തിന്റെ അളവ് ഗ്രൂപ്പ് അഡ്മിൻ ചാർജ് ഓഫീസറെ അറിയിക്കേണ്ടതുമാണ്.

4)ജൈവ മാലിന്യ സംസ്കരണ ഉപാധി വിതരണം ചെയ്യുന്ന ഏജൻസി കുറഞ്ഞത് 3 വർഷക്കാലത്തേക്ക് ഉപകരണത്തിന് വാറണ്ടിയും കേടാകുന്ന പക്ഷം പകരം മാറ്റി നൽകേണ്ടതാണ്. 5 വർഷക്കാലം ഇനോക്കുലം വിതരണത്തിനുള്ള സംവിധാനവും നൽക്കേണ്ടതാണ്. ഇനോക്കുലം വിതരണത്തിന് ഏജൻസി നേരിട്ടോ ഹരിതകർമ്മസേന കൺസോർഷ്യവുമായി ചേർന്നോ സംവിധാനം ഉണ്ടാക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനം/ ഇംപ്ലിമെന്റിംഗ് ഓഫീസർ ഇത് ഉറപ്പുവരുത്തേണ്ടതാണ്. ഇനോക്കുലം ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ആയതിന്റെ ഉത്തരവാദിത്വം പൂർണ്ണമായും ബിൻ വിതരണം ചെയ്ത ഏജൻസിയിൽ നിക്ഷിപ്തമായിരിക്കും. കരാർ വ്യവസ്ഥകൾ ലംഘിക്കുന്ന ഏജൻസികളെ കരിമ്പട്ടികയിൽ പെടുത്തുന്നതിനുള്ള നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിക്കണം.

5).വിതരണ ഏജൻസി ഉപാധിയുടെ നിർമ്മാതാവിൽ നിന്നും വാറണ്ടി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിരിക്കേണ്ടതാണ്.

6).പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്ന ബിന്നുകൾ പോളിപ്രോപ്പലിൻ കോ-പ്രോപ്പലിൻ/ വെർജിൻപ്ലാസ്റ്റിക് ആയിരിക്കണം.റീസൈക്കിൾഡ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ബിന്നുകൾ സ്പെസിഫിക്കേഷനു വിരുദ്ധമായി വാങ്ങിയാൽ വളരെ എളുപ്പം കേടുപാടുകൾ സംഭവിക്കുന്നതാണ്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകുന്ന ബിന്നുകളിൽ നിന്നും റാൻഡമായി മൂന്ന് മാസത്തിനകം ക്വാളിറ്റി ടെസ്റ്റ്(CIPET KOCHI) നടത്തുന്നതിനുള്ള നടപടികൂടി ഇമ്പ്ലിമെന്റിംഗ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.ഇങ്ങനെ നടത്തുന്ന ടെസ്റ്റ് റിപ്പോർട്ട് ശുചിത്വ മിഷന് ഇമ്പ്ലിമെന്റിംഗ് ഓഫീസർ അയച്ചുനൽകേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വിതരണ ഏജൻസികൾക്ക് ഗ്രേഡിംഗ് നൽകുന്നതിന് ശുചിത്വമിഷൻ നടപടി സ്വീകരിക്കുന്നതുമാണ്. റാന്റം ടെസ്റ്റ് പരാജയപ്പെടുകയാണെങ്കിൽ മുഴവൻ ഉത്തരവാദിത്വവും വിതരണം ചെയ്യുന്ന ഏജൻസിക്കായിരിക്കും. ഏജൻസിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കേണ്ടതാണ്. ടെസ്റ്റ് നടത്തുന്നതിനുള്ള ചെലവ് ബന്ധപ്പെട്ട ഏജൻസി വഹിക്കേണ്ടതാണ്.

6.**പൊതുവ്യവസ്ഥകൾ.**

6.1) തെരഞ്ഞെടുക്കപ്പെട്ട ഏജൻസി പദ്ധതി നിർവഹണം പൂർത്തിയാക്കിയാൽ(ഇൻസ്റ്റലേഷൻ, ജിയോ ടാഗിംഗ്) പദ്ധതി തുക നൽകാവുന്നതാണ് എന്നാൽ പദ്ധതി തുകയുടെ 5% ബാങ്ക്ഗാരണ്ടിയായി വാറണ്ടി കാലാവധിക്കു ശേഷം നൽകുകയും, എഗ്രിമെന്റ് വ്യവസ്ഥകൾ ലംഘിക്കുന്ന സാഹചര്യം ഉണ്ടായാൽ ബാങ്ക് ഗാരണ്ടിയിൽ നിന്നും നഷ്ടം വന്ന തുകയോ പദ്ധതി നടത്തിപ്പിൽ നിന്നും പിന്മാറുകയാണെങ്കിൽ

(ഇനോക്കുലതിന്റെ ലഭ്യത ഉറപ്പുവരുത്താ ത്ത സാഹചര്യം) ഗ്യാരണ്ടി തുക മുഴുവനായും /പ്രൊജക്റ്റ് തുക മുഴുവനായും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഈടാക്കാവുന്നതാണ്.

6.2) മാലിന്യ സംസ്കരണ ഉപാധികൾ സബ്സിഡി നിരക്കിൽ വാങ്ങുകയും എന്നാൽ 3 മാസക്കാലം മറ്റ് മാർഗങ്ങളിൽ മാലിന്യം സംസ്കരിക്കുകയോ, തുടർച്ചയായി ഉപയോഗിക്കാതിരിക്കുകയോ മാലിന്യ സംസ്കരണത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നതായി കണ്ടെത്തിയാൽ ടി ഉപഭോക്താവിൽ നിന്നും ബിന്നിന്റെ വില 18% പലിശ ഉൾപ്പെടെ തിരികെ തദേശ സ്വയഭരണ സ്ഥാപനം ഈടാക്കുന്നതാണ് എന്ന വ്യവസ്ഥ ഗുണഭോക്താവുമായി ഉണ്ടാക്കുന്ന എഗ്രിമെന്റിൽ ഉൾപ്പെടുത്തേണ്ടതും ഇമ്പ്ലിമെന്റിംഗ് ഓഫീസർ ഇത് ഉറപ്പുവരുത്തേണ്ടതുമാണ്.

6.3) ഗാർഹിക മാലിന്യ സംസ്കരണ ഉപാധികൾ നൽകുമ്പോൾ ഉപാധികളിൽ നിർമാതാക്കളുടെ പേര് ,വിലാസം, ഫോൺനമ്പർ എന്നിവ വ്യക്തമായി പ്രദർശിപ്പിച്ചിരിക്കണം.ഉപാധിയുടെ നിർമാതാക്കളും വിതരണക്കാരും വ്യത്യസ്ത ഏജൻസികളാണെങ്കിൽ നിർമാതാക്കളുടെ വാറണ്ടി വിതരണ ഏജൻസി വാങ്ങി നൽകേണ്ടതാണ്. ഉപാധിയുടെ നിർമാതാക്കളും വിതരണക്കാരും വ്യത്യസ്ത ഏജൻസികളാണെങ്കിൽ വിതരണക്കാരുടെ പേര്,വിലാസം,ഫോൺ നമ്പർ എന്നിവ ഉപകരണത്തിൽ വ്യക്തമായി പ്രദർശിപ്പിച്ചിരിക്കണം.